

# ഞങ്ങളുടേത് നിലനില്പിന്റെ പോരാട്ടം

കേവലം ഒരു വൈസ് ചാൻസിലറുടെ ധാർഷ്ട്യം എന്നതിലുപരി കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നു എന്നതാണ് ജെ.എൻ.യുവിലെ ഫീസ് വർദ്ധനവിന്റെ കാതലായ പ്രശ്നം. ഒറ്റത്തവണ മെസ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 5500 രൂപയിൽ നിന്ന് 12000 രൂപയാക്കി. സർവ്വീസ് ചാർജ്ജ് എന്ന നിലയിൽ പുതുതായി മാസം 1200 രൂപ. പത്ത് രൂപയുണ്ടായിരുന്ന ഡബിൾ റൂമിന്റെ മാസവാടക 300 രൂപയാക്കി. 20 രൂപയുണ്ടായിരുന്ന ഗവേഷണ വിദ്യാർത്ഥികളുടെ സിംഗിൾ റൂമിന് 600 രൂപ. വൈദ്യുതിക്കും വെള്ളത്തിനും ഫീസ് ഈടാക്കാനും ഉള്ള തീരുമാനത്തെ തുടർന്നാണ് ജെ.എൻ.യുവിൽ വിദ്യാർത്ഥി പ്രക്ഷോഭം ശക്തമാകുന്നത്.

**ഇന്ത്യൻ വിദ്യാഭ്യാസമേഖലയുടെ ഫെഡറൽ സ്വഭാവത്തെ തച്ചുതകർക്കുകയും കേന്ദ്രീകൃതമാക്കുകയുമാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്.**

വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന ഗവൺമെന്റ് നയങ്ങൾക്കെതിരെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ എല്ലാക്കാലത്തും തെരുവിലിറങ്ങിയിട്ടുണ്ട്. ഇപ്പോൾ ജെ എൻ യുവിൽ രൂക്ഷമായികൊണ്ടിരിക്കുന്നതും രാജ്യത്തിന്റെ പല കോണുകളിലും പടർന്നു പിടിക്കുന്നതുമായ വിദ്യാർത്ഥി സമരങ്ങൾ വിദ്യാഭ്യാസം വില്പനച്ചരക്കാക്കുന്ന മോദി ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയുള്ള ശക്തമായ ചെറുത്തുനില്പുകളുടെ ഭാഗമാണ്. അധികാരത്തിൽ നൂറ് ദിനം തികയ്ക്കുന്നതിന് മുമ്പ് തന്നെ ഒന്നാം മോദി സർക്കാരിന്റെ മുഖ്യ പ്രഖ്യാപനങ്ങളിൽ ഒന്നായിരുന്നു ന്യൂ എഡ്യൂക്കേഷൻ പോളിസി(എൻഇപി). വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ സമഗ്രമായി അഭിമുഖീകരിക്കുന്നതും രാജ്യത്തിന്റെ ഉന്നതിക്ക് ഉതകുന്നതുമെന്ന തരത്തിൽ അവതരിപ്പിച്ച വിദ്യാഭ്യാസ നയപ്രഖ്യാപനം വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കാനും കമ്പോളവൽക്കരിക്കാനുമുള്ള പ്രത്യക്ഷമായ ചുവടുകളായിരുന്നു. നവലിബറൽ നയങ്ങളിലൂടെ കോൺഗ്രസ്സ് തുടങ്ങിവച്ച ചുവടുകൾക്ക് ദേശീയതയുടെ നിറച്ചാർത്തിന്റെ മറവിൽ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയുടെ ഫെഡറൽ സ്വഭാവത്തെ തച്ചുതകർക്കുകയും കേന്ദ്രീകൃതമാക്കുകയുമാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്.



അരുൺ, ആഷിഖ്

2013–14 കാലയളവിൽ കേന്ദ്ര ബജറ്റിന്റെ 4.77% ആണ് വിദ്യാഭ്യാസത്തിന് വകയിരുത്തിയിരുന്നതെങ്കിൽ 2019 –20 കാലയളവിൽ 3.4% മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് രാജ്യത്തിന്റെ ജി.ഡി.പി. (ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ്) യുടെ വെറും 0.45% മാത്രമാണ്. ഇങ്ങനെ കൂപ്പുകുത്തുന്ന ബജറ്റ് വകയിരുത്തലിന്റെ പശ്ചാത്തലത്തിൽ വേണം നാം പുതിയ വിദ്യഭ്യാസനയത്തെ നോക്കികാണേണ്ടത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും വർദ്ധിത സ്വയംഭരണം നൽകുന്ന തരത്തിലാണ് ന്യൂ എഡ്യൂക്കേഷൻ പോളിസി രൂപപ്പെടുത്തിയിട്ടുള്ളത്. സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഭരണനിർവ്വഹണം ഇനിയുള്ള കാലത്ത് ബോർഡ് ഒഫ് ഗവർണർമാരുടെ (ബി ഒ ജി)സമ്പൂർണ്ണ അധികാരത്തിലാകും. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും എണ്ണം മുതൽ കരിക്കുലത്തിന്റെ ഘടന വരെ നിശ്ചയിക്കുന്ന ബിഒജിയിൽ വിദ്യാഭ്യാസ വിചക്ഷണന്മാർക്ക് പുറമേ വ്യവസായികളും മറ്റ് പ്രതിനിധികളും ഉൾപ്പെടും. ഇതിന് പുറമെയാണ് പൊതുമേഖലയിലും സ്വകാര്യമേഖലയിലും വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു പോലെ പരിഗണിക്കും എന്നുള്ള പ്രഖ്യാപനം, ഇത് തുല്യതാ നിഷേധത്തിന്റെ വിളംബരമാണ്.

നിലവിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) ആണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ അനുവദിച്ചിരുന്നതെങ്കിൽ, ഹയർ എഡ്യൂക്കേഷൻ ഫണ്ടിങ് ഏജൻസി (എച്ച് ഇ എഫ് എ)മുഖാന്തരം ലോണുകൾ നൽകുക എന്നതാണ് പുതിയ വിദ്യാഭ്യാസ നയം. ഗ്രാന്റുകളിൽ നിന്ന് ലോണുകളിലേക്കുള്ള പരിവർത്തനം വിദ്യഭ്യാസം എന്നത് വിദ്യാർത്ഥിയുടെ അവകാശം എന്നതിൽ നിന്ന് കമ്പോളത്തിലുള്ള ഉത്പന്നം എന്ന നിലയിലേക്കുള്ള മാറ്റമാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണം എന്നത് സാമ്പത്തിക സ്വയംഭരണം എന്ന തലത്തിലേക്ക് നിർവ്വചിക്കപ്പെടുമ്പോൾ സർവ്വകലാശാലകൾ, കോളജുകൾ തുടങ്ങിയവയുടെ നടത്തിപ്പിന് സ്ഥാപനങ്ങൾ സ്വന്തം നിലയിൽ പണം കണ്ടെത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ കാമ്പസുകൾ ക്രമാതീതമായ ഫീസ് വർദ്ധനവിന് വിധേയമാകുന്നത്. അതുകൊണ്ട് തന്നെയാണ് പാർശ്വവൽക്കരിക്കപ്പെടുന്ന വിദ്യാർത്ഥികൾക്കിടയിൽ നിന്ന് അതിശക്തമായ സമരങ്ങൾ രൂപപ്പെടുന്നതും.

യുജിസിയെ പൂർണ്ണമായും വെട്ടിമാറ്റി ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഒഫ് ഇന്ത്യ രൂപീകരിക്കാനുള്ള ശ്രമങ്ങൾക്ക് മറ്റ് രാഷ്ട്രീയ മാനങ്ങൾകൂടിയുണ്ട്. യു.ജി.സിയുടെ സാമ്പത്തിക സ്വയംഭരണാധികാരം നഷ്ടമാകുകയും വിദ്യാഭ്യാസ ഫണ്ടുകൾ കേന്ദ്രസർക്കാരിൽ സമ്പൂർണ്ണമായും നിക്ഷിപ്തമാകുകയും ചെയ്യുന്നതോടെ കേന്ദ്രസർക്കാരുകളുടെ രാഷ്ട്രീയത്തിന് കീഴ്പ്പെടാത്ത സ്ഥാപനങ്ങളുടെ നിലനിൽപ്പ് ദുഷ്കരമാകും. ശാസ്ത്രബോധവും വിമർശനാത്മക ബുദ്ധിയും വളർത്തിയെടുക്കേണ്ട ധൈഷണിക യുവത്വത്തെ കാവിവൽക്കരിക്കാനുതകുന്ന ഘടനാ

പരമായ സാഹചര്യങ്ങൾ ഒരുക്കുക കൂടി ചെയ്യുന്നുണ്ട് ഇതുവഴി.

സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്ന മൊബിലിറ്റി ചെറുതൊന്നുമല്ല. ശ്രേണീകൃതമായ ഇന്ത്യൻ ജാതി സമൂഹത്തിൽ അടിച്ചമർത്തലുകളും, തിരസ്കാരങ്ങളും ഒറ്റപ്പെടുത്തലുകളും അതിജീവിച്ച ജനതക്ക് നിവർന്ന് നിൽക്കുവാനുള്ള മൂലധനമാണ് ഉന്നത വിദ്യാഭ്യാസം. സമത്വവും തുല്യതയും വിഭാവനം ചെയ്യുന്ന സമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ടെങ്കിൽ വിദ്യാഭ്യാസം സമൂഹത്തിന്റെ എല്ലാ തട്ടിലും പ്രാപ്യമാകേണ്ടതുണ്ട്. അധ:സ്ഥിത വിഭാഗത്തിന്റെ ഈ അവകാശത്തിന് പുറത്താണ് മോദി സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയം കോടാലി വയ്ക്കുന്നത്. ഈ സവിശേഷമായ രാഷ്ട്രീയ സാഹചര്യം മുന്നിൽ നിൽക്കുമ്പോഴാണ് ഫീസ് വർദ്ധനവിനെതിരായ അതിശക്തമായ സമരങ്ങൾ ജെ.എൻ.യു പോ



**ദാരിദ്ര്യ രേഖക്ക് താഴെ എന്നത് വാർഷിക വരുമാനം 27000 രൂപക്ക് കീഴെ വരുന്നവർ മാത്രമാണ്, അതായത് മാസവരുമാനം 2250 രൂപക്ക് താഴെ വരുന്നവർക്ക് മാത്രമാണ് ഈ പ്രഖ്യാപിത ആനുകൂല്യം!**

ലെയുള്ള കാമ്പസുകളിൽ നിന്നുയരുന്നത്. കേവലം ഒരു വൈസ് ചാൻസിലറുടെ ധാർഷ്ട്യം എന്നതിലുപരി കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നു എന്നതാണ് ജെ.എൻ.യുവി ലെ ഫീസ് വർദ്ധനവിന്റെ കാതലായ പ്രശ്നം. ഒറ്റത്തവണ മെസ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 5500 രൂപയിൽ നിന്ന് 12000 രൂപയിലേക്കും സർവ്വീസ് ചാർജ് എന്ന നിലയിൽ പുതുതായി 1200 രൂപ മാസവും, പത്ത് രൂപയുണ്ടായിരുന്ന ഡബിൾ റൂമിന്റെ മാസവാടക 300 രൂപയായും 20 രൂപയുണ്ടായിരുന്ന ഗവേഷണ വിദ്യാർത്ഥികളുടെ സിംഗിൾ റൂമിന് 600 രൂപയായി ഉയർന്നതും വൈദ്യുതിക്കും വെള്ളത്തിനും ഫീസ് ഈടാക്കാനും ഉള്ള തീരുമാനത്തെ തുടർന്നാണ് ജെ.എൻ.യു- ൽ വിദ്യാർത്ഥി പ്രക്ഷോഭം ശക്തമാകുന്നത്. 99% ഫീസ് വർദ്ധന ഒരു തരത്തിലും അംഗീകരിക്കാനാവില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടാണ് വിദ്യാർത്ഥികൾ തെരുവിലിറങ്ങിയത്. ഹോസ്റ്റൽ മെസ്സിൽ കയറുമ്പോൾ ഇതുവരെ ഇല്ലാതിരുന്ന ഡ്രസ്സ് കോഡും പുതുതായി കർഫ്യൂ ടൈമിങ്ങും ഏർപ്പെടുത്തിയത് പ്രതിഷേധത്തിന്റെ കാരണങ്ങളിൽ ഒന്നാണ്. ഒരു തരത്തിലും വിദ്യാർത്ഥികളുമായി ചർച്ചക്ക് തയ്യാറാകാത്ത വൈസ് ചാൻസിലർ തീർത്തും ഏകപക്ഷീയമായിട്ടാണ് പുതിയ തീരുമാനങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചത്.

ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു പങ്കെടുക്കേണ്ടിയിരുന്ന ജെ.എൻ.യു.വിന്റെ മൂന്നാമത് ബിരുദദാന ചടങ്ങ് പ്രക്ഷോഭം നടക്കുന്ന ജെ.എൻ.യു കാമ്പസ്സിന്റെ പുറത്തുള്ള ഗേറ്റിലേക്ക് മാറ്റിയതിനാൽ പ്രക്ഷോഭവുമായി എത്തിയ വിദ്യാർത്ഥികളെ പോലീസ് സാരമായി മർദ്ദിക്കുകയും ജലപീരങ്കി പ്രയോഗിക്കുകയും ചെയ്തു. തുടർന്ന് ദേശീയ മാധ്യമ ശ്രദ്ധ നേടുന്ന തരത്തിലേക്ക് സമരം വികസിച്ചു. ജെ.എൻ.യുവി ന് ഐക്യദാർഢ്യം എന്നോണം രാജ്യത്തിന്റെ പലഭാഗങ്ങളിലും പ്രക്ഷോഭങ്ങൾ വിദ്യാർത്ഥി സംഘടനകൾ സംഘടിപ്പിച്ചു. ഒടുവിൽ കേന്ദ്ര മന്ത്രി സഞ്ജയ് ദോത്രയെ എസ.എഫ്.ഐ പ്രവർത്തകർ കോഴിക്കോട് സർവ്വകലാശാലയിൽ കരിങ്കൊടി കാണിക്കുക കൂടി ചെയ്തതോടെ, അന്ന് വൈകിട്ട്, ഭാഗികമായി ഫീസ് ഇളവ് എന്ന തരത്തിൽ കേന്ദ്ര മാനവവിഭവ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ ടിറ്റ്വറിൽ പ്രഖ്യാപനം നടത്തി.

എന്നാൽ ഫീസ് വർദ്ധനവിന്റെ കാതലായ കാരണമായ സർവീസ് ചാർജുകൾ, വൈദ്യുതി, വെള്ളം തുടങ്ങിയവക്ക് നിശ്ചയിച്ചിരുന്ന നിരക്കുകൾ തുടങ്ങിയവയിൽ യാതൊരു മാറ്റവും ഉണ്ടായില്ല. ഗവേഷകരുടെ സിംഗിൾ റൂമിന് ഇരുപത് രൂപയിൽ നിന്ന് 600 രൂപയും, ഡബിൾ റൂമിന് പത്ത്



**അധികാരവർഗ്ഗത്തിന്റെ രാഷ്ട്രീയം വിദ്യാർത്ഥികളുടെ ഫീസ് മുതൽ കോഴ്സിന്റെ ഘടന വരെ തീരുമാനിക്കുന്ന കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടമാണ്, ഈ പോരാട്ടങ്ങളാണ് വർത്തമാനകാല ഇന്ത്യയിൽ തീക്ഷ്ണമായ സമരങ്ങളായി ജ്വലിക്കുന്നതും. പൊതു വിദ്യാഭ്യാസ സംരക്ഷണം വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യവും വൈവിധ്യവും ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങളാണ്.**

രൂപയിൽ നിന്ന് 300 രൂപയും എന്ന തുക നിലനിർത്തിയിട്ടുണ്ട്. കോഴ്സ് അവസാനം തിരിച്ചു കിട്ടുന്ന മെസ് അഡ്വാൻസ് 5500– രൂപയിൽ നിന്ന് 12000 രൂപയിലേക്ക് ഉയർത്തിയത് മാത്രമാണ് താത്ക്കാലികമായി റദ്ദ് ചെയ്തത്. ഇതിന് പുറമെ ദാരിദ്ര രേഖക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് ഫീസ് കൺസഷൻ എന്ന വാദമാണ് ജെ.എൻ.യു അധികൃതർ മുന്നോട്ട് വെക്കുന്നത്. എന്നാൽ സർക്കാർ കണക്ക് പ്രകാരം ദാരിദ്ര രേഖക്ക് താഴെ എന്നത് വാർഷിക വരുമാനം 27000 രൂപക്ക് കീഴെ വരുന്നവർ മാത്രമാണ്, അതായത് മാസവരുമാനം 2250 രൂപക്ക് താഴെ വരുന്നവർക്ക് മാത്രമാണ് ഈ പ്രഖ്യാപിത ആനുകൂല്യം! അതിനാലാണ് സമരം തുടരുവാനുള്ള തീരുമാനം വിദ്യാർത്ഥികൾ കൈക്കൊണ്ടിരിക്കുന്നത്.




അധികാരവർഗ്ഗത്തിന്റെ രാഷ്ട്രീയം വിദ്യാർത്ഥികളുടെ ഫീസ് മുതൽ കോഴ്സിന്റെ ഘടന വരെ തീരുമാനിക്കുന്ന കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടമാണ്, ഈ പോരാട്ടങ്ങളാണ് വർത്തമാനകാല ഇന്ത്യയിൽ തീക്ഷ്ണമായ സമരങ്ങളായി ജ്വലിക്കുന്നതും. പൊതു വിദ്യാഭ്യാസ സംരക്ഷണം വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യവും വൈവിധ്യവും ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങളാണ്. സമൂഹത്തിലെ എല്ലാ മേഖലയിൽ നിന്നുള്ള ആളുകൾക്കും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുമെങ്കിൽ മാത്രമാണ് വൈവിധ്യവും ജനാധിപത്യവും അർത്ഥപൂർണ്ണമാകുന്നുള്ളു.

കേന്ദ്ര സർവ്വകലാശാലകൾ പൊതുവിൽ വൈവിധ്യം ഉറപ്പുവരുത്തുന്നു എന്ന വാദം പൊതുവെ പറയപ്പെടാറുണ്ട്. 2018–19 –ലെ ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ പ്രകാരം 37.4 മില്യൺ വിദ്യാർത്ഥികളാണ് മൊത്തം ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൻറോൾ ചെയ്യപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ ആകെ 993 സർവകലാശാലകളിൽ വെറും 46 എണ്ണം മാത്രമാണ് കേന്ദ്ര സർവ്വകലാശാലകൾ. ബാക്കി വരുന്നതിൽ മിക്കതും സംസ്ഥാന സർവകലാശാലകളും, സ്വകാര്യ സർവകലാശാലകളുമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെയും കേന്ദ്രീകരിച്ചിട്ടുള്ളത് ഉൾനാടുകളിലാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗവേഷകരിൽ 17.4 % മാത്രമാണ് കേന്ദ്ര സർവ്വകലാശാലകളിലെങ്കിൽ, അതിൽ തന്നെ 0.024% മാത്രമാണ് ജെ.എൻ.യു – ലെ ഗവേഷക സമൂഹം. അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ മുദ്രാവാക്യങ്ങൾ, ഐക്യദാർഢ്യങ്ങൾ കേവലം ജെ.എൻ.യുവിൽ മാത്രം ഒതുങ്ങേണ്ടതല്ല.

ഗ്രേഡഡ് ഓട്ടോണമി, രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) എച്ച് ഇ എഫ് എ, ഇൻസ്റ്റിട്യൂഷൻ ഓഫ് എമിനൻസ് , മൂക്സ് (മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്)തുടങ്ങിയ നയപരമായ തീരുമാനങ്ങൾ ശ്രേണീകൃതമായ വിദ്യാഭ്യാസ വ്യവസ്ഥയെ നിർമ്മിച്ചെടുക്കാൻ ഉതകുന്നതാണ്. ഇത്തരം വിദ്യാർത്ഥി വിരുദ്ധമായ, ബഹുജനങ്ങളെ വിദ്യാഭ്യാസ പ്രക്രിയയിൽ നിന്ന് മാറ്റി നിർത്തുന്ന തരത്തിലുള്ള നയപ്രഖ്യാപനങ്ങൾക്കെതിരെ, രാഷ്ട്രീയ തീരുമാനങ്ങൾക്കെതിരെ ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹം ജാഗരൂകരാകേണ്ടതുണ്ട്.

കടലാസ്സിൽ മാത്രമുള്ള റിലയൻസ് ഫൗണ്ടേഷന്റെ ജിയോ ഇൻസ്റ്റിറ്റ്യൂട്ടിന് ശ്രേഷ്ഠ പദവി നൽകുകയും ഗ്രീൻ ഫീൽഡ് സ്ഥാപനങ്ങൾ എന്ന പുതിയ തരം തിരിവ് പ്രകാരം വൻകിട മൂലധന നിക്ഷേപം സാധ്യമായവർക്ക് ലോകോത്തര നിലവാരത്തിൽ സ്വകാര്യ സർവ്വകലാശാലകൾ നിർമ്മിക്കാനുള്ള സഹായ വാഗ്ദാനം നൽകുകയും ചെയ്യുന്ന മോദിയുഗത്തിൽ, വിദ്യാഭ്യാസത്തിന്റെ പുതിയ നിർവ്വചനങ്ങൾ എന്തെന്നുള്ളത് വ്യക്തമാണ്.

കേരളത്തിലും, തമിഴ്നാട്ടിലും, ആന്ധ്രാപ്രദേശിലും, ഹിമാചൽപ്രദേശിലും തെലുങ്കാനയിലും രാജസ്ഥാനിലും ആസ്സാമിലും മറ്റനേകം സംസ്ഥാനങ്ങളിലും മുഷ്ടി ഉയർത്തിയ യുവത്വം പുതിയ വിദ്യാഭ്യാസ നയത്തിനെതിരെ തെരുവിലിറങ്ങിയ കാലഘട്ടത്തിൽ തന്നെയാണ് ജെ.എൻ.യുവിലെ ഫീസ് വർദ്ധനക്ക് എതിരായ വർത്തമാനകാല സമരങ്ങളും. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് വേണ്ടിയുള്ള സമരങ്ങൾ അതുകൊണ്ട് തന്നെ വിദ്യാഭ്യാസത്തെ കമ്പോളവൽക്കരിക്കുകയും സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്ന രാഷ്ട്രീയത്തെ ചെറുത്ത് തോൽപ്പിക്കേണ്ടതുണ്ട്.

**(ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ഗവേഷകരാണ് ലേഖകർ. ഫോൺ: 9654341641)**